# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടിമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ-
പി/9/1352/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടിമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ-പി/9/1352/2023 തീയ്യതി: 27/12/2023

## ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-03-2023 മുതൽ 18-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 25-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2023 | 25-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ.
ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോമൻ ചെല്ലപ്പൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പ്രവീൺ വാസു | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നിസാർ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ മുരളി മന | ട്രൈബൽ എക്സ്റ്റൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. പ്രിയ പീറ്റർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 24-11-2022 | 05-01-2023 |
| ശ്രീമതി സുജ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-09-2022 |
| ശ്രീ ബീമോൻ ബേബി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 13-03-2023 |
| ശ്രീ രവി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-03-2023 | 31-03-2023 |
| ശ്രീമതി ഐവി കോശി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 23-11-2022 |
| ശ്രീമതി പ്രിയ പീറ്റർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 24-11-2022 | 05-01-2023 |
| ശ്രീമതി ആഷ്‌ലി മറിയാമ്മ ജോർജ്ജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 06-01-2023 | 31-03-2023 |
| ശ്രീ നിജാഷ് ബാബു കെ.പി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 17-08-2022 |
| ശ്രീ സനീഷ് കുമാർ എ.പി | പട്ടിക ജാതി വികസന ഓഫീസർ | 18-08-2022 | 12-09-2022 |
| ശ്രീമതി രേഖ പി | പട്ടിക ജാതി വികസന ഓഫീസർ | 13-09-2022 | 31-03-2023 |
| ശ്രീമതി റഷീദ വി എ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സന്ധ്യ ബാബു എൻ. വി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ അടിമാലി | 01-04-2022 | 13-06-2022 |
| ഡോ. പ്രസീതാ ബി.കെ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ അടിമാലി | 14-06-2022 | 31-03-2023 |
| ഡോ.ഷാരോൺ ജോർജ് മാമ്മൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചിത്തിരപുരം | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-7 |
| 9 | ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-8 |
| 10 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമാകുന്നത് 1886189/- രൂപ | 1-3-1 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്യാഷ് പരിശോധന | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | വാടക ഈടാക്കിയില്ല | 1-9 |
| 20 | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല. | 1-10 |
| 21 | പദ്ധതികൾ തീർപ്പാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നു | 1-11 |
| 22 | പണം സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക കൈപ്പറ്റ് രസീത് ഉപയോഗിക്കാത്തത് സംബന്ധിച്ച് | 1-12 |
| 23 | വനിതാകേന്ദ്രങ്ങളുടെ അവസ്ഥ സംബന്ധിച്ച് | 1-13 |
| 24 | ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്തതും ജില്ലാ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ നിയന്ത്രണമില്ലാത്തതുമായ മാനേജ് മെന്റ് സ്കൂളിന് ടോയ്ലറ്റ് നിർമ്മിച്ച് നൽകിയിരിക്കുന്നു. തടസ്സം 318710/- | 1-14 |
| 25 | അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തടസ്സം | 1-15 |
| 26 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ ദൈനംദിന ചെലവ് - ടെലിഫോൺ ബിൽ യഥാസമയം ഒടുക്കിയില്ല. | 1-16 |
| 27 | ചിത്തിരപുരം സി.എച്ച.സി ദൈനംദിന ചെലവുകൾ - പ്രോജക്റ്റ് രൂപീകരിച്ച് നടപ്പാക്കേണ്ട പദ്ധതികൾ ദൈനംദിന ചെലവുകളിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്. | 1-17 |
| 28 | വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് - 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 29 | കാത്ത് ലാബിന് ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. | 1-19-1 |
| 30 | അടിമാലി താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ | 1-19-2 |
| 31 | അടിമാലി താലൂക്ക് ആശുപത്രിയുടെ ദൈനംദിന ചെലവുകൾ -അപാകതകൾ | 1-19-3 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023-ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഏന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
27.12.2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി സംവിധാനത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല.

### 1-1-2 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

### 1-1-3 അക്കൌണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ് 62(2)(ഇ)(എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ

അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഇതര സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകളാണ് ലഭ്യമാകുന്നത്.

### 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഇതേ പത്രുകയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും വ്യത്യസ്തമാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്.

### 1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ജേർണൽ വൌച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ ജേർണൽ എൻട്രികളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

### 1-1-8 ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത റോഡുകൾ, പാലങ്ങൾ തുടങ്ങിയ ആസ്തികൾക്ക് തേയ്മാന കിഴിവ് രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-9 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.

വാടക രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കാത്തതിനാലും ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും വാർഷിക കണക്കിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 14/03/2022 ലെ 1ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 26/03/2022 ലെ 1 (1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23- ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 14/03/2022 ലെ 1-ാം നമ്പർ തീരുമാനം | 15/03/2023 ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 26/03/2022 ലെ 1(1)-ാം നമ്പർ തീരുമാനം | 22/03/2023 ലെ 1-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹12749521/- | ₹12749521/- |
| വരവ് | ₹ 902679479/- | ₹515966515/- |
| ആകെ വരവ് | ₹915429000/- | ₹528716036/- |
| ആകെ ചെലവ് | ₹915066150/- | ₹526016976/- |
| മിച്ചം | ₹362850/- | ₹2699060/- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 31946000 | 31946000 | 27712542 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12817000 | 12817000 | 9218513 | |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 6915000 | 6915000 | 4680898 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 6075458 | 6121130 | 12196588 | 6019378 | 1489851 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 8798107 | 9061970 | 17860077 | 5935221 | 4009114 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | | 9720000 | 9720000 | 9651891 | |
| ഹെൽത്ത് ഗ്രാന്റ് | 0 | 2585861 (₹.35861 പലിശ ഉൾപ്പെടെ) | 2585861 | 0 | 2585861 |
| എസ്.ജി.എസ്.വൈ. | 669 | 20 | 689 | 0 | 689 |
| സമ്പൂർണ്ണ ശുചിത്വം | 7824 | 222 | 8046 | 0 | 8046 |
| സാക്ഷരത | 84 | 4 | 88 | 0 | 88 |
| കേരളോൽസവം | 25345 | 100000 | 125345 | 100000 | 25345 |
| മറ്റ് ഗ്രാന്റുകൾ | 780 | 0 | 780 | 0 | 780 |

### 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമാകുന്നത് 1886189/- രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ.(എംഎസ്).79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം പ്രസ്തുത വർഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്.

ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (T0tal Allotment X 80% - Actual Expenditure) ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഷോർട്ട്ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തലായി മാറ്റിവെയ്ക്കേണ്ടതുമുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് പൊതുവിഭാഗം വികസനഫണ്ട് മാത്രമാണ് 80%-ൽ അധികമായി ചെലവഴിയ്ക്കാനായത്. തൻമൂലം ഷോർട്ട് ഫോളായി 64 ലക്ഷത്തിൽപ്പരം രൂപയാണ് നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹)ചെലവ് ശതമാനം | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | 6915000 | 4680898 | 67.69 | 1383000 | 851102 |
| വികസന ഫണ്ട് (SCP) | 12817000 | 9218513 | 71.92 | 2563400 | 1035087 |
| | | | | ആകെ | 1886189 |

*വികസന ഫണ്ട് (TSP, SCP) യുടെ ചെലവിൽ തൻവർഷമുണ്ടായ കുറവിന് (ആകെ -1886189/-) തുല്യമായ തുക അടുത്ത വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ നിസ്സഹകരണം, ബ്ലോക്ക് പഞ്ചായത്തിന്റെ കാലാവസ്ഥാപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗത്തിൽ ഇളവു തേടാതിരിയ്ക്കൽ, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം വർഷാവസാനമുണ്ടായ ട്രഷറി നിയന്ത്രണം എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഭീമമായ ഷോർട് ഫോളിലൂടെ ബ്ലോക്ക് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച വരാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 143 | 137079573 | 111 | 74844322 | 32 | 77.6 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 16 | 54955538 | 23660805 | 43.05 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 | 3 | 4139567 | 557008 | 74.31 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 62 | 53547038 | 29186972 | 54.50 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 6 | 6 | 3450950 | 3191243 | 92.47 |
| സി.ഡി.പി.ഒ. | 6 | 6 | 1555900 | 1547110 | 99.23 |
| മെഡിക്കൽ ഓഫീസർ, താലൂക്ക്ആശുപത്രി | 6 | 6 | 8523540 | 7623434 | 89.43 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 3025000 | 2275000 | 75.20 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 620000 | 545000 | 87.90 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1300000 | 991250 | 76.25 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 5852040 | 5156500 | 88.11 |
| അസി. ഡയറക്ടർ (കൃഷി) | 2 | 2 | 110000 | 110000 | 100 |
| | 143 | 111 | 137079573 | 74844322 | 77.6 |

## 1-5 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ളോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസ ക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
- വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളും സർക്കാർ മാർഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതും ആണ്.
- പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പലതിലും മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
- കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

1-9 വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറികയുടെ വാടക പൂർണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിടം | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക+ജി.എസ്.ടി | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ആകെ |
|---|---|---|---|---|---|
| 1. | ഒഴവത്തടത്തുള്ള കെട്ടിടം | ഷാജി ധുണ്ടത്തിൽ | 1274+114+114 | 01/2023 മുതൽ 03/2023 വരെ | 4506 |
| ആകെ | | | | | 4506 |

വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം1,20.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . വാടക കുടിശ്ശിക പൂർണമായി ഈടാക്കി അറിയിക്കേണ്ടതാണ്.

1-10 പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തിക്കിയിട്ടില്ല എന്നു കാണുന്നു. പദ്ധതികൾ യഥാസമയം പൂർത്തിയാക്കാത്തതിന് പ്രസ്തുത പദ്ധതികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ കാണുകയുണ്ടായില്ല. പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഇല്ലായെങ്കിൽ ഈടാക്കാത്തതിന്റെ കാരണവും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ടുള്ള അന്വേഷണകുറിപ്പ് 6, 23/11/2023 ന് മറുപടി ലഭ്യമാക്കിയില്ല. ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ കുടിവെള്ള പദ്ധതികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അധികൃതർ വേണ്ട പരിഗണന നൽകിയിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഈടാക്കേണ്ട പിഴ തുകയുടെ വിവരങ്ങൾ ചുവടെ.

| ക്രമ നം (1) | പ്രോജക്ട്, നമ്പർ (2) | ബിൽ നമ്പർ, തീയതി . തുക (3_ | കരാർ തീയതി, കാലാവധി, കരാറുകാരൻ, PAC (4) | പൂർത്തീകരിച്ച തീയതി (5) | കാലതാമസം (6) | പൂർത്തീകരിക്കേണ്ട തീയതി (7) | പിഴ തുക (8) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഒ.എ.പി പടി കുടിവെള്ള പദ്ധതി 10/2023. അടങ്കൽ- 500000/-(പ്ളാൻ) | 1, BRN 22101063010 900051452, 27/04/2022, ₹.1,87,693/- 2, BRN22101063010 901454138, 22/03/2023, ₹.3,00,908/- | 13/01/2022, 4 മാസം, സാജു എം.എം മണലോടിയിൽ, ₹.4,46,326 | 06/03/2023 | 9 മാസം, 24ദിവസം, | 13/5/22 | 1).13/6/22 To 12/9/22, 446326*1%=4463 2).13/9/22 To 12/12/22, 446326*2%=8927 3).13/12/22 To 06/03/23, 446326*2%*84/90 =8331 4363+8927+8331 = ₹21721 |
| 2 | കത്തിപ്പാറ കുടിവെള്ള പദ്ധതി 20/2023. അടങ്കൽ- 800000/- (ധനകാര്യ കമ്മീഷൻ) | VR NO, XVFC/2022-23/P/98 04/03/2023, ₹.7,99,675/-, | 23/02/2022, 3 മാസം, സൺ സിറിൽ അലക്സ്, ₹799900 | 01/03/2023 | 8 മാസം, 6ദിവസം, | 23/5/22 | 1).16/6/22 To 15/9/22- 799900*1%=7999 2).16/9/22 To 15/12/22- 799900*2%=15998 3).16/12/22 To 01/03/23- 799900*2%*75/90 =13332 7999+15998+13332 = ₹37329 |
| | | | | | | ആകെ | 59,050 |

പിഴ തുക ₹.59,050/- ഈടാക്കി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11 പദ്ധതികൾ തീർപ്പാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നു

2020-21 പദ്ധതി വർഷം ബ്ളോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'ചിത്തിരപുരം സി.എച്ച്.സി നവീകരണം' എന്ന പദ്ധതി കരാർ കാലാവധികളുള്ളിൽ പൂർത്തിക്കിയിട്ടില്ല. ജനങ്ങൾക്ക് ഏറ്റവും ആവശ്യമുള്ള ഈ പദ്ധതി പോലും കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അധികൃതർ വേണ്ട പരിഗണന നൽകിയിട്ടില്ലായെന്നത് വളരെ നിരാശാജനകമാണ്.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് ,നം. | ചിത്തിരപുരം സി.എച്ച്.സി നവീകരണം, SO.08/23 |
| കരാറുകാരൻ, കരാർ തീയതി | പ്രസിഡന്റ്, അടിമാലി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, 12/02/2020 |
| അടങ്കൽ<br>ചെലവ് | ₹.9,17,291/-<br>₹.6,72,929(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ബിൽ നം, തീയതി | 22101063010900051444-27/04/2022,₹.6,72,929/- |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭാവിയിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-12 പണം സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക കൈപ്പറ്റ് രസീത് ഉപയോഗിക്കാത്തത് സംബന്ധിച്ച്

പണം സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക കൈപ്പറ്റ് രസീത് ഉപയോഗിക്കുന്നില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമുള്ള ഫോം നമ്പർ KPRAR-5 മാതൃകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ, സാംഖ്യ രസീതോ ഉപയോഗിച്ച് മാത്രമേ പണം പിരിക്കാൻ അനുവാദമുള്ളൂ. എന്നാൽ ഇതിന് പകരമായി A4 പേപ്പറിൽ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിച്ച് പണം പിരിക്കുന്നത് ഗുരുതരമായ നിയമ ലംഘനമാണ്. ഇത്തരം രസീത് ഉപയോഗിച്ച് പിരിക്കുന്ന പണം അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതിനും അപഹരിക്കപ്പെടുന്നതിനുമുള്ള സാധ്യതയുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും തൻവർഷവും മേൽ സംഗതി ആവർത്തിച്ചതിൽ നിന്ന് ഓഡിറ്റ് പരാമർങ്ങൾ അധികൃതർ വേണ്ട ഗൗരവത്തോടെ കാണുന്നില്ലായെന്ന് വ്യക്തമാണ്. തൻവർഷം PMKSY 2.0 People Awareness Advertisement Work ന് EMD തുക 4400/- അടവാക്കിയ ജോൺ ഫിലിപ്പ്, പൂല്ലൂർമാത്തിൽ , എന്ന വ്യക്തിക്ക് 21.06.2022 ൽ ഔദ്യോഗിക രസീത് നൽകാതെ A4 പേപ്പറിൽ രസീത് പ്രിന്റ് ചെയ്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച രസീതോ, സാംഖ്യ രസീതോ ഉപയോഗിച്ച് മാത്രം പണം പിരിവ് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-13 വനിതാകേന്ദ്രങ്ങളുടെ അവസ്ഥ സംബന്ധിച്ച്

വനിത ഘടക പദ്ധതിയിൽ നിർബന്ധിത വിഹിതം വകയിരുത്തേണ്ടതുള്ളതിനാൽ വനിതാ കേന്ദ്രങ്ങൾ എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്തുകൾ നിരവധി കെട്ടിടങ്ങൾ നിർമ്മിക്കുകയും ഇവയിൽ പലതും ജനവാസ മേഖലയിൽ നിന്നകന്ന വിദൂര പ്രദേശങ്ങളിൽ ആയതിനാൽ ഉപയോഗിക്കാതെ കിടക്കുന്നതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. 2022-2023 വർഷവും ഇപ്രകാരമൊരു വനിതാകേന്ദ്രം നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര്. | 62/2023, കുറത്തിക്കുടി വനിതാകേന്ദ്രം പൂർത്തീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | ₹.9,57,500/- |
| ചെലവ്, ബിൽ നം/തീയതി | ₹.4,46,256/-2210106301091103775/28.01.2023. |

ഈ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയും ഇത് എന്താവശ്യത്തിന് ഉപയോഗപ്പെടുത്തുന്നു എന്ന വിവരവും ഇപ്രകാരം നിർമ്മിക്കപ്പെട്ടതും ഉപയോഗിക്കാതെ കിടക്കുന്നതുമായ മറ്റ് വനിതാകേന്ദ്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ടുള്ള അന്വേഷണകുറിപ്പ് (4/23-11-2023) ന് മറുപടി ലഭ്യമാക്കിയില്ല. വികസന ഫണ്ട് നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കാനായി ഉപയോഗിക്കുന്നത് ക്രമവിരുദ്ധമാണ്. ഇപ്രകാരമുള്ള നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.കെട്ടിടം പ്രയോജനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്തതും ജില്ലാ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ നിയന്ത്രണമില്ലാത്തതുമായ മാനേജ് മെന്റ് സ്കൂളിന് ടോയ്ലറ്റ് നിർമ്മിച്ച് നൽകിയിരിക്കുന്നു. തടസ്സം 318710/-

ബ്ലോക്ക് പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹.3,18,710/- ചെലവഴിച്ച് എയ്ഡഡ് മാനേജ്മെന്റ് സ്കൂളായ ബൈസൺവാലി ഇരുപതേക്കറിലുള്ള സെർവ് ഇൻഡ്യാ എൽ.പി. സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയിരിക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് ,നം. | ഇരുപതേക്കർ സെർവ് ഇൻഡ്യാ എൽ.പി. സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം, 48/23 |
| അടങ്കൽ, ₹<br>ചെലവ്, ₹ | 640000/-<br>318710/- (C.F.C) |
| ബിൽ നം, തീയതി | XVFC/2022-23/P/93, 20/02/2023, 318710/- |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഉപവകുപ്പ് 1,പട്ടിക 4-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഇത് പ്രകാരം ഒരു വിഭാഗത്തിൽപ്പെട്ട സ്കൂളുകളും ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. വകുപ്പ് 173 ഉപവകുപ്പ് 1 പട്ടിക 5 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ സർക്കാർ ഹൈസ്കൂളുകൾ ഉൾപ്പെട്ടിരിക്കുന്നു. എയ്ഡഡ് സ്കൂളുകൾ ഒരുതരം പഞ്ചായത്തിന്റെയും നിയന്ത്രണ പരിധിയിൽ ഉൾപ്പെടുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് യാതൊരുവിധ നിയന്ത്രണവുമില്ലാത്തതാണ് മാനേജ്മെന്റ് സ്കൂളുകൾ. സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ.84/2022 /തസ്വഭവ. തീയതി 19/04/2022ലെ ഖണ്ഡിക 8-6 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലും ടോയ്‌ലറ്റും വാഷ്ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യവും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ് എന്ന് പരാമർശിച്ചിരിക്കുന്നു. മേൽ ഉത്തരവിന്റെ തന്നെ ഖണ്ഡിക 8-6 ,ക്രമ നമ്പർ 13 പ്രാകരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രത്തിലുള്ള എൽ.പി.യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പദ്ധതികൾ മാത്രമാണ് ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഗ്രാന്റുപയോഗിച്ച് സ്വകാര്യ മാനേജ് മെന്റ് സ്കൂളായ ബൈസൺവാലി ഇരുപതേക്കർ സെർവ് ഇൻഡ്യാ എൽ.പി. സ്കൂളിന് ടോയ് ലെറ്റ് നിർമ്മിച്ചു നൽകിയ നടപടി പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ബൈസൺവാലി പഞ്ചായത്തിൽ നിന്നും മേൽ നിർമ്മാണത്തിന് അനുമതി നൽകിയതായുള്ള വിവരങ്ങളും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള അന്വേഷണകുറിപ്പിന് (7-23/11/2023) മറുപടി ലഭ്യമാക്കിയില്ല. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ₹.3,18,710/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ- വിനിയോഗ

സാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തടസ്സം

പ്രോജക്ട് നം.151/22-23

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം.22101063010501204090/17.02.23.₹.4,00,000/-(വികസന ഫണ്ട് പൊതു വിഭാഗം)

സർക്കാർ ഉത്തരവ് 84/2022/തസ്വഭവ.തീ.19.04.22. ഖ.6.6.(2) പ്രകാരം അതിദരിദ്രർക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | തുക |
|---|---|
| അടിമാലി | 100000 |
| ബൈസൺവാലി | 75000 |
| കൊന്നത്തടി | 75000 |
| പള്ളിവാസൽ | 75000 |
| വെള്ളത്തൂവൽ | 75000 |
| ആകെ | 400000 |

പ്രസ്തുത പഞ്ചായത്തുകളൊന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ ദൈനംദിന ചെലവ് - ടെലിഫോൺ ബിൽ യഥാസമയം ഒടുക്കിയില്ല.

പ്രൊജക്ട് നം.130/23

ബിൽ നം.22101063010800968344/15.03.2023 ₹.9,190/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

അടിമാലി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ 04864225399 നമ്പർ ടെലിഫോണിന്റെ ഫെബ്രുവരി 2023 ലെ ചാർജ് ₹.180.63 ഉം മുൻകാല കുടിശികയും ചേർന്ന ₹.9,190/- മേൽ ബിൽ പ്രകാരം ഒടുക്കിയിട്ടുള്ളതായി കാണുന്നു. മുൻകാല ബിൽ വിശദാംശം ഫയലിൽ ലഭ്യമല്ല. ദീർഘകാലം ഫോൺ ബിൽ ഒടുക്കാതിരുന്നതു മൂലം പിന്നീട് ഒടുക്കാനിടയാകുന്ന പിഴ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും. ഈ അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-17 ചിത്തിരപുരം സി.എച്ച്.സി ദൈനംദിന ചെലവുകൾ - പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കേണ്ട പദ്ധതികൾ ദൈനംദിന ചെലവുകളിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - സി.എച്ച.സി ചിത്തിരപുരം |
| പദ്ധതി നം | 80/2023 |
| പദ്ധതിയുടെ പേര് | ചിത്തിരപുരം സി.എച്ച.സി ദൈനംദിന ചെലവുകൾ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| അടങ്കൽ/ചെലവ് | 1225050/1186133 |
| ബിൽ നം | (1) 22101063011000681152/22-10-2022 - ₹.37,500/-<br>(2) 22101063011000736938/5-1-2022 - ₹.43,100/- |

മേൽ പദ്ധതി പ്രകാരം ക്രമ നം (1) ബിൽ പ്രകാരം സി.എച്ച്.സി പെയിന്റിംഗ് ജോലികൾക്കായും ക്രമ നം (2) ബിൽ പ്രകാരം റഫ്രിജറേറ്റർ വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. മേൽ ചെലവുകൾ പദ്ധതി രൂപീകരിച്ചായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്തിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (4/23-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ പദ്ധതി രൂപീകരിച്ച് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-18 വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് - 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി.ചിത്തിരപുരം |
| പദ്ധതി നം | 83/2023 |
| പദ്ധതിയുടെ പേര് | വൃദ്ധർക്ക് ക്യാൻസർ പരിശോധന ക്യാമ്പ് |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |

| | |
|---|---|
| അടങ്കൽ/ചെലവ് | 500000/500000 |
| 22101063011000871914/8-12-2022 | 80727 |
| 22101063011000871906/8-12-2022 | 86876 |
| 22101063011001334666/20-3-2023 | 20703 |
| 22101063011000698217/29-10-2022 | 230454 |
| 22101063011000736941/7-11-2022 | 81240 |

മേൽ പദ്ധതി പ്രകാരം ക്യാൻസർ പരിശോധനാ ക്യാമ്പിനായി ₹.5,00,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ്(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-5-2022-ആയി പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളില്ല.മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമെ നടപ്പിലാക്കാവൂ എന്ന് മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക.5(2)ൽ നിർദേശിച്ചിരുന്നു. കൂടാതെ മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 2-2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ സബ്സിഡി മാർഗ്ഗരേഖയക്ക് വിരുദ്ധമായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (4/23-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ സബ്സിഡി മാർഗ്ഗരേഖയക്ക് വിരുദ്ധമായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിനാൽ ₹.5,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-19-1 കാത്ത് ലാബിന് ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സൂപ്രണ്ട്, ദേവികുളം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി |
| പദ്ധതി നം | 171/2023 |
| പദ്ധതിയുടെ പേര് | കാത്ത് ലാബിന് ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| അടങ്കൽ/ചെലവ് | 1800000/1800000 |
| ബിൽ നം / തീയതി | 22101063010601385767/17-3-23 |

അടിമാലി താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുന്ന കാത്ത് ലാബിന് ഉപകരണങ്ങൾ (സി.സി.യു, കാത്ത് ലാബ്, ഫയർ ഫൈറ്റിംഗ്സ്, എയർ കണ്ടീഷനിംഗ്, യു.പി.എസ്) വാങ്ങുന്നതിനായി കേരള ഹെൽത്ത് റിസേർച്ച് & വെൽഫെയർ സൊസൈറ്റിക്ക് ₹1800000/- നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (3/22-11-2023) മറുപടിയിൽ കേരള ഹെൽത്ത് റിസേർച്ച് & വെൽഫെയർ സൊസൈറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് മറുപടി ലഭ്യമാവുന്ന മുറയക്ക് പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി അംഗീകരിക്കത്തക്കതല്ല. ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ₹.18,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19-2 അടിമാലി താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണം | സൂപ്രണ്ട്, ദേവികുളം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി |
| പദ്ധതി നം | 119/2023 |
| പദ്ധതിയുടെ പേര് | അടിമാലി താലൂക്ക് ആശുപത്രിയൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് - നോൺ റോഡ് |
| അടങ്കൽ/ചെലവ് | 1800000/900000 |
| ബിൽ നം / തീയതി | 22101063010600820683/25-11-2022 |

പദ്ധതിക്കായി ₹.9,00,000/- ചെലവായിട്ടുണ്ടെങ്കിലും സബ് വൗച്ചർ (ഇൻവോയിസ് നം 490/2021-22/15-3-2022) പ്രകാരം ചെലവ് ₹6,98,065/- മാത്രമാണ്. പദ്ധതി പ്രകാരമുള്ള ചെലവുകളുടെ പൂർണ്ണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ചെലവിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ₹.2,01,935/-യുടെ ( 900000- 698065) ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19-3 അടിമാലി താലൂക്ക് ആശുപത്രിയുടെ ദൈനംദിന ചെലവുകൾ -അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സൂപ്രണ്ട്, ദേവികുളം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി |
| പദ്ധതി നം | 115/2023 |
| പദ്ധതിയുടെ പേര് | അടിമാലി താലൂക്ക് ആശുപത്രിയുടെ ദൈനംദിന ചെലവുകൾ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് |
| അടങ്കൽ/ചെലവ് | 3000000/3000000 |

പദ്ധതി പ്രകാരം അലക്ക് കൂലി, ഭക്ഷ്യ വസ്തുകൾ എന്നിവയ്ക്കായി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| തീയതി | അലക്ക് കൂലി | പാൽ | ബ്രഡ് | മുട്ട | മറ്റുള്ളവ |
|---|---|---|---|---|---|
| 19-5-2022 | 95539 | 24275 | - | - | |
| 12-7-2022 | 143730 | 53575 | 20440 | - | |
| 26-8-2022 | 74027 | 29400 | 12432 | 67828 | |
| 16-9-2022 | 66885 | 28125 | 14000 | - | |
| 15-10-2022 | 63612 | 26900 | 13272 | - | |
| 14-11-2022 | 64446 | 32825 | 12152 | - | |
| 16-12-2022 | 38848 | - | 14840 | - | |
| 16-12-2022 | | | | | 157656/-<br>OP, IP ആവശ്യങ്ങൾക്കുള്ള രജിസ്റ്ററുകൾ ഷീറ്റുകൾ എന്നിവ |
| 20-12-2022 | - | - | 13384 | - | - |
| 28-12-2022 | - | 27800 | - | - | - |
| 18-1-2023 | 53468 | 28728 | - | - | - |
| 10-2-2023 | 48109 | 30940 | 12712 | - | - |
| 3-3-2023 | 8204 | - | 12488 | 104400 | |
| ആകെ | 656868 | 282568 | 125720 | 172228 | 157656 |
| ആകെ. ₹.12,37,384/- | | | | | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പരിപാലന ചെലവുകൾ നടത്തുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ സർക്കാർ ഉത്തരവ് (എം.എസ്).330/2004/ ത.സ്വ.ഭ.വ. തീയതി 9-12-2004-പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിലൊന്നും അലക്ക് കൂലി, ഭക്ഷ്യവസ്തുക്കൾ,പാൽ,രജിസ്റ്ററുകൾ ഫോറങ്ങൾ എന്നിവ വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയിഗക്കാൻ അനുമതി നൽകിയിട്ടില്ല.ഇത്തരം ചെലവുകൾക്ക് എച്ച്.എം.സി.ഫണ്ടാണ് ഉപയോഗിക്കേണ്ടത്.മേൽ പ്രകാരമുള്ള ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/22-11-2023) ലഭ്യമാക്കിയ മറുപടിയിൽ എച്ച്.എം.സി-യുടെ കീഴിൽ 29 ജീവനക്കാരുണ്ടെന്നും അവരുടെ ശമ്പളമിനത്തിൽ പ്രതിമാസം ₹.3,50,000/- ചെലവഴിക്കുന്നുണ്ടെന്നും ആയതിനാലാണ് ഇവ ദൈനംദിന ചെലവുകളിൽ ഉൾപ്പെടുത്തിയതെന്നും വ്യക്തമാക്കിയിരിക്കുന്നു.

എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം മേൽ ചെലവുകൾ ദൈനംദിന ചെലവുകളിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. താലൂക്ക് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ പ്രകാരം 2020-21 വർഷത്തിൽ ₹.7,65,285/- ഉം 2021-22 വർഷത്തിൽ ₹.9,45,420/- ഉം പേ-വാർഡ് ഫീസ് ഇനത്തിൽ വരവുണ്ട്. കൂടാതെ 2020-21, 2021-22 വർഷങ്ങളിൽ HMC ഫണ്ടിൽ യഥാക്രമം ₹.13,47,402/-, ₹.14,35,570/- എന്നിങ്ങനെ നീക്കിയിരിപ്പുണ്ട് എന്നതിനാൽ മേൽ ചെലവുകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും ഫണ്ട് സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി നടത്താവുന്നതാണ്. വരും വർഷങ്ങളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം കർശ്ശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി/ സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|

| | |
|---|---|
| | |
| 2022-23 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 2420312 | ലൈഫ് പി.എം.എ വൈജി ഗുണഭോക്താക്കൾക്ക് ധന സഹായം എസ്.സി.പി (71/23) | 2420312 | 0 |
| | | 5100000 | ലൈഫ് പി.എം.എ വൈജി ഗുണഭോക്താക്കൾക്ക് ധന സഹായം(70/23) | 5100000 | |
| | | 1596000 | ലൈഫ് പി.എം.എ വൈജി ഗുണഭോക്താക്കൾക്ക് ധന സഹായം റ്റി.എസ്.പി (71/23) | 1596000 | |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് ന./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. (ഭവന നിർമ്മാണ പദ്ധതി) | ലഭ്യമല്ല | ലഭ്യമല്ല | 764950 | 0 | 764950 | 1681705 | 0 |
| ജവഹർ (ഭവന നിർമ്മാണ പദ്ധതി) | ലഭ്യമല്ല | ലഭ്യമല്ല | 0 | 0 | 0 | 583790 | 0 |
| ഐ.എ.വൈ. ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 501504 | 0 | 501504 | 0 | 0 |
| | | | | | | ആകെ | 0 |

ജവഹർ ഭവന നിർമ്മാണ പദ്ധതി യുടെ പലിശ വാർഷികമായി ബാങ്ക് ഡിമാൻഡ് ചെയ്യുന്നതാണ്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പലിശ ബാധ്യത സർക്കാർ അടവാക്കുന്നതാണ്. എങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള പലിശ ബ്ലോക്ക് പഞ്ചായത്ത് ബാധ്യതയായി കണക്കിലെടുത്തതു മൂലം സെക്യേർഡ് ലോൺ ശീർഷകത്തിൽ ജവഹർ ഭവന പദ്ധതിയിൽ ₹.2,25,000/- ഉം ഇ എം എസിൽ ₹.17,86,160/- ഉം ആയി വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല --

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | അനുബന്ധം-7 | നിക്ഷേപവേല പൂർത്തീകരിച്ചിട്ടില്ല | തുടരുന്നു |

4-9 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി) സർച്ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ്/ തുക ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 22 & 23 | ശ്രീ. ശ്രീധരൻ നായർ സെക്രട്ടറി | LF.28526/ Spl.Cell/ SC2/2000, തീ.26.07.2002 | 715 | | ഇല്ല | | | | | 715 | |
| | 1999-00 | 20 & 21 | ശ്രീ. എം. എ. സുകുമാരൻ, സെക്രട്ടറി | LF.2644/ Spl.Cell/ SC2/2005, തീ.02.01.2006 | 10450 | | ഇല്ല | | | | | 10450 | |
| | 2000-01 | 2,3,4,6, 9,10,12 | ശ്രീ. ടി. ആർ. രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, തീ.05.04.2006 | 31489 | | ഇല്ല | | | | | 31489 | |
| | 2000-01 | 8 (PART) | ശ്രീ. എം. സോമനാഥൻ, ബി.ഡി.ഒ | LF.10638/ Spl.Cell/ SC2/2005, തീ.03.07.2006 | 500 | | ഇല്ല | | | | | 500 | |
| | 2000-01 | 8 (PART) | ശ്രീ. ടി. ആർ. രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, തീ.03.07.2006 | 3500 | | ഇല്ല | | | | | 3500 | |
| | 2001-02 | 4,5,6 | ശ്രീ. | LF.4969/ | 7463 | | ഇല്ല | | | | | 7463 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആർ. വിശ്വംഭരൻ, അസി. എൻജിനീയർ | Spl.Cell/ SC2/2006, തീ. 06.11.2006/ 09.02.2007 | | | | | | | | | |
| | 2002-03 | 3-5 & 3-6 (PART) | ശ്രീ. ആർ. വിശ്വംഭരൻ, അസി. എൻജിനീയർ | LF.6046/ Spl.Cell/ SC2/2006, തീ.04.05.2007 | 2416 | | ഇല്ല | | | | | 2416 | |
| | 2002-03 | 3-6 (PART) | ശ്രീ. കെ. കുമാരസാമി പിള്ളൈ അസി. എൻജിനീയർ | LF.6046/ Spl.Cell/ SC2/2006, തീ.04.05.2007 | 702 | | ഇല്ല | | | | | 702 | |
| | 2003-04 | 3-7 & 3-8 | ശ്രീ. ജോസഫ് മാത്യു സെക്രട്ടറി | LF.9070/ Spl.Cell/ SC2/2009, തീ.19.10.2010 | 58450 | | ഇല്ല | | | | | 58450 | |
| | 2005-06 | 3-10, 11,12,13, 14,15,16 | ശ്രീ. ജോസഫ് മാത്യു സെക്രട്ടറി | LF.9070/ Spl.Cell/ SC2/2006, തീ. 09.09.2009 | 78081 | | ഇല്ല | | | | | 78081 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | 11027789 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96440234 |
| ആകെ | 107468023 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98183538 |
| നീക്കിയിരിപ്പ് | 9284485 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3220645 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 318710 | ശ്രീ ബീമോൻ പി ബേബി,ഓവർസീയർ ഗ്രേഡ്1(അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയറുടെ അധിക ചുമതല ) |
| 1-15 | 400000 | ശ്രീ പ്രവീൺ വാസു,സെക്രട്ടറി |
| 1-18 | 500000 | ഡോ. ഷാരോൺ ജോർജ് മാമ്മൻ |
| 1-19-1 | 1800000 | ഡോ. പ്രസീത ബി.കെ. സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ ദേവികുളം |
| 1-19-2 | 201935 | ഡോ. പ്രസീത ബി.കെ. സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ ദേവികുളം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എ നിസ്സാർ, | അസി എക്സി. എഞ്ചിനീയർ, അടിമാലി ബ്ലോക്ക് പഞ്ചായത്ത് | മലയിൽ വീട്, വടക്കേതിൽ, പുതിയവിള പി ഓ, കായംകുളം |
| ഡോ. പ്രസീത ബി.കെ. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഗൗരിശങ്കരം (H), ഗവ. ആയുർവേദ ആശുപത്രിക്ക് സമീപം, വൈക്കം പി.ഒ, കോട്ടയം |
| ശ്രീ ബീമോൻ പി ബേബി, | ഓവർസീയർ ഗ്രേഡ് 1, തൊടുപുഴ നഗരസഭ. | പുത്തൻപുരയിൽ വീട്, മന്നാങ്കണ്ടം പി.ഒ, ഇരുന്നൂറേക്കർ, അടിമാലി |
| ശ്രീ പ്രവീൺ വാസു,സെക്രട്ടറി | സെക്രട്ടറി, അടിമാലി ബ്ലോക്ക് പഞ്ചായത്ത്. | എരപ്പനാൽ വിട്, അടിമാലി പി ഓ. |
| ഡോ.ഷാരോൺ ജോർജ് മാമ്മൻ ,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, ചിത്തിരപുരം | 12/249,KDHP Quarters,Near KDH Club, Munnar. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (1998-99) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 30, 31 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (1999-00) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 20, 21 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2000-01) (അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 2.4, 2.6, 2.10, 2.12, |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/(2001-02) (അദാ-ഓഗസ്റ്റ്) 22 12.08.22 | 2 | 2.5, 2.6 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2002-03) (അദാ-ഓഗസ്റ്റ്)/22/12.08.22 | 6 | 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2003-04) (അദാ-ഓഗസ്റ്റ്)/22/12.08.22 | 8 | 3.5, 3.10, 3.11, 3.12, 3.14,3-15, 3-16, 3-18 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2004-05) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 3.4, 3.5(a), (B) |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2005-06) (അദാ-ഓഗസ്റ്റ്)/22/12.08.22 | 2 | 3.7, 3.8 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2006-07) (അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 3.2, 3.5, 3.6, 3.8 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2007-08) (അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 3.3, 3.6, 3.7, 3.8, |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2008-09) (അദാ-ഓഗസ്റ്റ്)/22/12.08.22 | 5 | 3.2, 3.3, 3.8 (1, 2, 3, 4) |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2009-10) (അദാ-ഓഗസ്റ്റ്) 22 12.08.22 | 1 | 3.2 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2010-11) (അദാ-ഓഗസ്റ്റ്)/22/12.08.22 | 3 | 3.2, 3.3, 3.4 |
| 2011-12&2012-13 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2011-12&2012-2013)(അദാ-ഓഗസ്റ്റ്)/ 22/12.08.22 | 8 | 3.1, 3.2, 3.3, 3.4, 3.5, 3.6, 3.10(2,3,4, 5,6,7,8,9), 4-3 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2013-14 & 2014-15)(അദാ-ഓഗസ്റ്റ്)/ 22/12.08.22 | 5 | 3.1, 3.2, 3.3, 3.6, 3.7 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2015-16) (അദാ-ഓഗസ്റ്റ്)/22/12.08.22 | 3 | 3.2, 3.7, 4-8 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2016-17) (അദാ-ഓഗസ്റ്റ്)/22/12.08.22 | 7 | 3.1, 3.2, 3.9, 3.10, 3-11, 4-8, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2017-18(അദാ-ഓഗസ്റ്റ്)/22/12.08.22 | 5 | 3-4, 3-5, 3-6, 3-7, 4-9 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.-പി4/1222/ (2018-19) (അദാ-ഓഗസ്റ്റ്)/22/12.08.22 | 4 | 1-13, 1-14, 1-15, 4-10 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.-പി9/1562/22 തീ. 28.04.2023 | 3 | 1-11, 1-14, 1-15 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.-7/292/22 തീ. 27.05.2022 | 9 | 1-9 മുതൽ 1-17 വരെ |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.-പി9/444/23 തീ. 16.05.2023 | 33 | 1-1 മുതൽ 1-21 വരെ ,4-1 മുതൽ 4-11 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 06-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Adimaly Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Adimaly Block Panchayat for the year 2022-2023

Date: 27/12/2023

Senior Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Adimaly Block Panchayat for the Year 2022-2023 .**

**1.Major Observations**

1. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.
2. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.
3. Non- inclusion of notes to accounts in financial statements and non-disclosure of material facts.
4. Generation of financial reports showing contradictory information due to non- integration of accounting software with other related software.
5. Non maintenance of source documents in support of the authenticity of journal vouchers.

**2.Other Observations**

1. Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2. Demand registers do not match with financial statements
3.Depreciation recorded for assets not owned by the institution.
4. The value of stock and stores not included in the balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്